# പള്ളികഥകൾ

## മിനികഥകൾ

മുപ്പത്തി മൂ ന്നു്

ജോയിക്കുട്ടി,

ജോസഫച്ചൻ ഇന്ന് പറയാൻ പോകുന്ന കഥ എന്തായിരിക്കുമെന്ന ആകാംക്ഷയിലായിരുന്നു ഞാൻ. എന്തായാലും അച്ചൻ പറയുന്നതെല്ലാം കേൾക്കാൻ വളരെ ഇമ്പമുള്ളതെന്നാണ് ഞാൻ ഉൾപ്പെടെ എല്ലാവരും പറയുന്നത്.

## കുഴപ്പം

നമ്മുടെ നാട്ടിൽ തന്നെ ജനിച്ചു വളന്നിട്ടുള്ളവരെയാണ് സാധാരണ ഓത്ത്ഡോക്സ് മെത്രാച്ചന്മാരാക്കാറുള്ളത്. ഇങ്ങിനെയുള്ളവക്ക് ഇന്ത്യയ്ക്കു വെളിയിൽ പോയാൽ പെരുമാറേണ്ടതെങ്ങിനെയെന്നറിയത്തില്ലല്ലോ.

അമേരിക്കയിലെ ഏകദേശം നൂറു കുടുംബങ്ങളുള്ള ഒരു പള്ളിയാണ് ഇപ്പോഴത്തെ കഥാ കേന്ദ്രം. ആ പള്ളിയിൽ സാധാരണ ഏതെങ്കിലുമൊരു മെത്രാച്ചൻ വന്നാൽ താമസിക്കാറുള്ളത്, ആ പള്ളിയിലെ ഏറ്റവും വലിയ പണക്കാരനായ മാമ്മച്ചന്റെ ബംഗ്ലാവിലാണ്. രണ്ടു നില മുകളിലും, ഭൂമിക്കടിയിൽ ഒരു നിലയുമുള്ളതും, അഞ്ച് ബഡ് റൂമുകളും, ഓരോന്നിനും അറ്റാച്ചട് വാക്ക് ഇൻ ബാത്തുറൂമുകളും എല്ലാം ഉണ്ട്. എഴുപത്തിരണ്ടു വയസുള്ള മാമ്മച്ചനും ഭാര്യയും തനിയേയാണ് താമസിക്കുന്നത്. അവരുടെ രണ്ടു മക്കളുടേയും വിവാഹം വളരെ വഷങ്ങൾക്കു മുമ്പ് കഴിഞ്ഞ് അവർ അവിടെ നിന്നും വളരെ ദൂരത്തിലാണ് താമസിക്കുന്നത്. മാമ്മച്ചന്റെ എഴുപത് വയസുപ്രായമുള്ള ഇളയ സഹോദരനും സഭയിലെ സീനിയർ മെത്രാപ്പോലീത്താമാരിൽ ഒരാളാണ്. അയാൾ പോകുന്ന പള്ളിയിലെ എല്ലാവരും അയാളോട് പ്രത്യേക ബഹുമാനത്തോടുകൂടെയാണ് പെരുമാറുന്നത്. ഇങ്ങിനെയുള്ള ഒരാളുടെ വീട്ടിലേക്കാണ് നാലു വഷം മുമ്പ് മെത്രാനായ അമ്പത്തേഴുകാരന്റെ വരവ്.

നാലു വഷമായ് മെത്രാനായെങ്കിലും ജീവിതത്തിൽ ഇതുവെരെ ഇന്ത്യയ്ക്കു വെളിയിൽ പോയിട്ടില്ല. എന്നിരുന്നാലും താൻ ഒരു മെത്രാൻ ആണെന്നും അതുകൊണ്ട് താൻ പറയുന്നതെല്ലാം ശരിയെന്നും ശഠിക്കുന്ന ഒരാളുമായിരുന്നു. വിമാനത്താവളത്തിൽ നിന്നും കൂട്ടികൊണ്ടു വരുമ്പോൾ മുതൽ തുടങ്ങി നമ്മുടെ മെത്രാച്ചന്റെ സംസാരം.

‘‘ഞാൻ ആദ്യമായാണ് അമേരിക്കയിൽ വരുന്നത്. പക്ഷേ അമേരിക്കകാരേപറ്റി ഞാൻ വളരെ കേട്ടിരിക്കുന്നു. അവരെല്ലാം പാപം ചെയ്യുന്നവരും, ദുമ്മാഗികളുമാണെന്നാണ് ഞാൻ കേട്ടിരിക്കുന്നത്. എന്തുമാത്രം പണം അവർ ദുർവ്യയം ചെയ്യുന്നു; അതു തന്നെ വലിയ പാപമല്ലേ. ഇപ്പോൾ നിങ്ങൾ ഉപയോഗിക്കുന്ന ബെൻസിന്റെ ഈ വാൻ; അതു തന്നെ ദുർവ്യയം അല്ലേ! നമ്മൾ രണ്ടു പേക്കു യാത്ര ചെയ്യാൻ ഇത്രയും വലിയ വണ്ടിയുടെ ആവശ്യമുണ്ടോ?’’ അങ്ങിനെ കുറ്റപ്പെടുത്തലുകളോടുകൂടിയ വത്തമാനങ്ങൾ തുരു തുരു പറയുകകയായി. അവർ വീട്ടിൽ ചെന്നപ്പോൾ ചോദ്യമായി ‘‘ഇവിടെ നിങ്ങൾ രണ്ടു പേർ മാത്രമേ താമസമുള്ളോ? രണ്ടു പേക്ക് താമസിക്കാനോണോ ഇത്രയും വലിയ വീട്. അത് തെറ്റാണ്. നിങ്ങൾ പാപം ചെയ്യുന്നതെങ്ങിനെയെന്ന് മനസ്സിലായോ!’’

ഉച്ചക്കു ഭക്ഷണം കഴിക്കാൻ മേശയുടെ അടുക്കൽ വന്നപ്പോൾ അടുത്ത കുറ്റം പറച്ചിലായി. മേശപ്പുറത്തിരിക്കുന്ന വിഭവങ്ങളെല്ലാം എണ്ണി പറഞ്ഞു ‘‘ഇത്രയും വിഭവങ്ങൾ കൂട്ടി ആരെങ്കിലും ഭക്ഷണം കഴിക്കുമോ? ഒരു നേരത്തെ ഭക്ഷണം കഴിക്കാനില്ലാതെ നമ്മുടെ നാട്ടിൽ തന്നെ എന്തുമാത്രം ആളുകൾ കഷ്ടപ്പെടുമ്പോൾ നമ്മൾ ഇത്രയും സാധനങ്ങൾ കൂട്ടി ഭക്ഷണം കഴിക്കുന്നത് വലിയ പാപമല്ലേ? കൂടാതെ ഇത്രയും ഇനം ഭക്ഷണം കൂട്ടി ഭക്ഷണം കഴിക്കുന്നതു തന്നെ പാപമല്ലേ? ചോറു വേണം. അതും ഒരാൾക്ക് ഒരു തവി കഴിക്കാമെങ്കിൽ മുക്കാൽ തവി മാത്രമേ കഴിക്കാവൂ. അമിത ഭക്ഷണം കുമ്പസാര പാപമാണെന്നറിയാമോ? ചോറിന്റെ കൂടെ ഒഴിക്കാൻ ഒരു കറി. കൂടെ കൂട്ടാൻ ഒരു തോരൻ; ധാരാളമായില്ലേ? സഭയിലെ ഒരു സീനിയർമെത്രാച്ചന്റെ ജേഷ്ഠനായിട്ടും ഇത്രയും പ്രായമായിട്ടും ഇത്രയും കാര്യങ്ങൾ ഒന്നുമറിയത്തില്ലേ? നിങ്ങളെപ്പോലുള്ളവർ എളിമയും താഴ്മയും കാണിച്ച് മറ്റുള്ളവക്ക് മാതൃകയാകേണ്ടവരല്ലേ?’’ ‘‘നിങ്ങൾ രണ്ടു പേർ മാത്രം താമസിക്കാൻ ഇത്രയും വലിയ വീടു വേണോ? ഈ ലോകത്ത് എന്തുമാത്രം ആളുകൾ വീടില്ലാതെ താമസിക്കാൻ സ്ഥലമില്ലാതെ കഷ്ടപ്പെടുന്നു. അപ്പോൾ നിങ്ങളെപ്പോലുള്ളവർ, ഭാര്യയ്ക്കും ഭത്താവിനും കൂടെ കഴിയാൻ ഒരു മുറി. അതിഥികൾ ആരെങ്കിലും വന്നാൽ താമസിക്കാൻ ഒരു മുറി. അപ്പോൾ ആകെ രണ്ടു മുറി. കൂടി വന്നാൽ മൂന്നു മുറിയുള്ള ഒരു വീട്ടിലല്ലേ താമസിക്കേണ്ടത്. ഈ വീടെല്ലാം എങ്ങിനെ വൃത്തിയാക്കും? അദ്ദേഹത്തിന്റെ സംശയമാണ്.

‘‘എല്ലാ ആഴ്ചയും ഒരിക്കൽ വീട് വൃത്തിയാക്കുന്ന ജോലിക്കാർ വന്ന് വീടെല്ലാം വൃത്തിയാക്കി തരും’’ മാമ്മച്ചൻ പറഞ്ഞു.

അങ്ങിനെ എല്ലാ ദിവസവും പരിഭവങ്ങളും പരാതികളുമായി മെത്രാച്ചൻ നാലഞ്ചു ദിവസം അവിടെ കഴിച്ചു കൂട്ടി. ഒരാഴ്ചയാണ് അദ്ദേഹത്തിന്റെ അവിടുത്തെ താമസം. വീട്ടിൽ പല മെത്രാച്ചന്മാർ വന്നിട്ടുണ്ടെങ്കിലും ഇത്രയും ഉപദ്രവങ്ങൾ പ്രഭാതം മുതൽ പ്രദോഷം വെരെ തന്നിട്ടുള്ള വേറൊരു മെത്രാനും അവിടെ വന്നിട്ടില്ല; താമസിച്ചിട്ടില്ല. ആ പള്ളിയിൽ വരുന്ന എല്ലാ മെത്രാച്ചന്മാരും ഞങ്ങളുടെ വീട്ടിലാണ് താമസിക്കുന്നതെന്ന ഒരഹങ്കാരവും അവക്ക് മാപ്പിളയ്ക്കും പെമ്പിളയ്ക്കും ഉണ്ടായിരുന്നു. ഈയൊരവസരത്തിനുശേഷം മേലാൽ യാതൊരു മെത്രാച്ചനേയും അവിടെ താമസിപ്പിക്കത്തില്ലന്ന് അവർ തീരുമാനിച്ചു. സാധാരണ മെത്രാച്ചന്മാർ വന്നാൽ സ്വല്പം തലവേദന കൊടുക്കുമെങ്കിലും ഇത്രയും ആരും ഇതുവെരെ കൊടുത്തിട്ടില്ല.

അന്ന് ഒരു ശനിയാഴ്ച കാലത്ത് പതിവു പോലെ മെത്രാച്ചൻ കുളിക്കാൻ പോയി. കുളി കഴിഞ്ഞ് വസ്ത്രം ധരിച്ച ശേഷം അദ്ദേഹം ബഹളം വെച്ച് ഓടി വരവായി. ‘‘ബ്ലീടിംഗ്.’’ എന്ന് പല പ്രാവശ്യം പറഞ്ഞതും അദ്ദേഹം ബോധം കെട്ടു വീഴലും ഒന്നിച്ചായി. ഉടനെ തന്നെ ആംബുലൻസ് വരുത്തി അദ്ദേഹത്തെ ആശുപത്രിയിൽ കൊണ്ടു പോയി. ഉടനെ തന്നെ വികാരിയച്ചനേയും വിവരം അറിയിച്ചു. അച്ചൻ സെക്രട്ടറിയേയും, സെക്രട്ടറി ഇടവക ജനങ്ങളേയും വിവരം ഉടനെ അറിയിച്ചു. ആശുപത്രി നിറയെ ജനങ്ങൾ തിങ്ങികൂടി.

ആശുപത്രിയിൽ ചെന്ന അദ്ദേഹത്തിന്റെ ബോധക്കേട് അവർ മാറ്റിക്കഴിഞ്ഞപ്പോൾ ‘‘ഞാൻ കുളിച്ചു കഴിഞ്ഞപ്പോൾ അവിടെ നിറയെ രക്തം. എവിടെ നിന്നാണെന്ന് അറിയത്തില്ല’’ അദ്ദേഹം പറഞ്ഞു. പിന്നെ ആശപത്രിക്കാർ ഒരു പരിപൂണ്ണ ചെക്കപ്പിനു വേണ്ടി രണ്ടു ദിവസം അവിടെ കിടത്തി.

അദ്ദേഹം വന്നപ്പോൾ അദ്ദേഹത്തിന് ഉപയോഗിക്കാനായി ഒരു ചുവന്ന ടക്കി തോത്ത് കൊടുത്തിരുന്നതിന്റെ നൂൽ പൊഴിഞ്ഞ് താഴെ വീണത് തളം കെട്ടിനിന്ന വെള്ളത്തിൽ കണ്ടപ്പോൾ അത് രക്തമാണെന്ന് തെറ്റിദ്ധരിച്ചതാണ് കാരണമെന്ന് വളരെ വൈകിയേ മനസ്സിലായുള്ളു. എന്തായാലും ഞായറാഴ്ചത്തെ അദ്ദേഹത്തിന്റെ കുബ്ബാന മുടങ്ങി. ഇനിയും മേലാൽ അമേരിക്കയിലേക്ക് വരികയില്ലന്നദ്ദേഹവും.